പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1841

7.3.2018 ൽ മറുപടിയ്ക്ക്

# അംഗപരിമിതരുടെ കുട്ടികളുടെ വിദ്യാഭ്യാസം

ചോദ്യം

മറുപടി

ശ്രീ.കെ.കുഞ്ഞിരാമൻ

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| സംസ്ഥാനത്ത് അംഗപരിമിതരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ? | സംസ്ഥാനത്ത് അംഗപരിമിതരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി വിദ്യാകിരണം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2016 ലെ Rights of Persons with Disabilities Act ൽ നിർദ്ദേശിക്കപ്പെട്ട വൈകല്യ സർട്ടിഫിക്കറ്റ് ഉള്ള, 40% ഉം അതിനു മുകളിലും വൈകല്യ തോതുള്ള അംഗപരിമിതരുടെ മക്കൾക്ക് ടി പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നു. കുട്ടികളെ 4 വിഭാഗമായി തിരിച്ച് ഓരോ ജില്ലയിൽ നിന്നും ഓരോ വിഭാഗത്തിൽ നിന്നും 25 കുട്ടികൾക്ക് 10 മാസത്തേയ്ക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന നൽകുന്നു. സ്കോളർഷിപ്പ് നിരക്ക് ചുവടെ ചേർക്കുന്നു:- |

| ക്രമ നം | ക്ലാസ്സ് | സ്കോളർഷിപ്പ് നിരക്ക്/മാസം |
|---|---|---|
| 1. | 1 മുതൽ 5 വരെ | 300/- |
| 2. | 6 മുതൽ 10 വരെ | 500/- |
| 3. | +1, +2, തത്തുല്യമായ മറ്റ് കോഴ്സുകൾ | 750/- |
| 4. | ഡിഗ്രി, പി.ജി, പോളിടെക്നിക്, തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ | 1000/- |

വരുമാനം തെളിയിക്കുന്നതിനായി (പരിധി 1 ലക്ഷം, വൈകല്യതോത് കൂടുതലുള്ളവർക്ക് മുൻഗണന നൽകിയിട്ടുണ്ട്) വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ ബോർഡിൽ നിന്നുള്ള വൈകല്യ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ